**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2326</u>** **<u>12-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കിഫ്ബി മസാല ബോണ്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മസാല ബോണ്ടിന്റെ പ്രൈമറി സെല്ലിങ്ങിൽ ഏതൊക്കെ കമ്പനികൾക്ക്, വ്യക്തികൾക്ക് ബോണ്ടുകൾ നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി മസാല ബോണ്ട് കൃത്യമായ പ്രൈസ് ഡിസ്കവറി പ്രക്രിയയിലൂടെ നടന്ന ഒരു അന്താരാഷ്ട്ര ധന ഇടപാട് ആയിരുന്നു. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക്ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചു വന്ന ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരാണ്. അസറ്റ് മാനേജ്മെന്റ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത്ത് മാനേജ്മെന്റ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ ഉൾപ്പടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ ആദ്യഘട്ടത്തിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ലോകത്തെവിടെയുമുള്ള പബ്ലിക് ഇഷ്യൂവിലും വൻകിട നിക്ഷേപകർ ആഗ്രഹിക്കുന്നത് അവരുടെ പേരോ നിക്ഷേപത്തുകയോ പൊതുമധ്യത്തിൽ തുറന്നു കാട്ടപ്പെടരുത് എന്നാണ്. അത്തരത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തപ്പെടുന്നത് ബോണ്ടുകളുടെ ട്രേഡിങ്ങിന് ഗുണകരമാവുകയുമില്ല. മാത്രമല്ല ബോണ്ടിന്റെ സെക്കണ്ടറി മാർക്കറ്റിനെ അതു പ്രതികൂലമായി ബാധിക്കുകയും ചെയ്യേക്കും എന്നതിനാലാണിത്. ഈ സാഹചര്യത്തിൽ പ്രൈമറി സെല്ലിങ്ങിൽ പങ്കെടുത്ത കമ്പനികളുടെ വിവരങ്ങൾ പരസ്യപ്പെടുത്തുന്നത് ഉചിതമല്ല. കിഫ്ബിയുടെ മസാലാബോണ്ടിൽ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ കഴിയുമായിരുന്നുള്ളൂ. അത് വ്യക്തികൾക്ക് ലഭ്യമായിരുന്നില്ല. |

| | | | |
|---|---|---|---|
| (ബി) | കിഫ്ബി മസാല ബോണ്ടിന്റെ വില്പനയിൽ അന്നത്തെ ചീഫ് സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും ആശങ്ക പ്രകടിപ്പിച്ചിരുന്നോ; പ്രസ്തുത യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; | (ബി) | മസാല ബോണ്ട് സംബന്ധിച്ച് വളരെ വിശദവും ക്രിയാത്മകവുമായ ചർച്ച കിഫ്ബിയുടെ ബോർഡ് മീറ്റിങ്ങിൽ നടക്കുകയുണ്ടായി. അതിൽ അന്നത്തെ ചീഫ് സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും അവരവരുടെ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. ആഭ്യന്തര ബോണ്ട് വിപണിയെക്കാൾ കൂടുതൽ പലിശ നിരക്കാണ് മസാല ബോണ്ടിനു ആകുക എങ്കിൽ അത് വേണമോ എന്നതായിരുന്നു ധനകാര്യ സെക്രട്ടറിയുടെ ആശങ്ക. അക്കാലത്ത് ആന്ധ്രാപ്രദേശ് ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്പ്മെന്റ് അതോറിട്ടി മസാല ബോണ്ടിനു ശ്രമിച്ചപ്പോൾ 10.72 % പലിശക്കാണ് ലഭിച്ചത് എന്നുള്ളതും കിഫ്ബി തന്നെ ആഭ്യന്തര ബോണ്ട് വിപണിയെ സമീപിച്ചപ്പോൾ 10.15% ആയിരുന്നു പലിശ നിരക്ക് എന്ന വസ്തുതയും ബോർഡിൽ ചർച്ച ചെയ്യപ്പെട്ടു. അതുമായി താരതമ്യം ചെയുമ്പോൾ നിലവിൽ ലഭിക്കാൻ സാധ്യതയുള്ള നിരക്ക് മികച്ചതാണ് എന്ന അഭിപ്രായമാണ് ചർച്ചയിൽ ഉണ്ടായത്. എക്സ്ചേഞ്ച് റേറ്റ് താരതമ്യേന കുറഞ്ഞു നിൽക്കുമ്പോൾ 250-275 bps എന്നത് അധികമാണോ എന്നതായിരുന്നു ചീഫ് സെക്രട്ടറിയുടെ ആശങ്ക. ഇതിനു എക്സ്ചേഞ്ച് റേറ്റിന്റെ പൂർവ്വ കാല വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു അനുമാനത്തിൽ എത്തിച്ചേരുവാൻ സാധിക്കില്ലേ എന്നും അദ്ദേഹം ആരാഞ്ഞു. എന്നാൽ ബോർഡിലെ ധനകാര്യ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടത് വ്യത്യസ്തമായാണ്. ഉയർന്ന AAA റേറ്റിങ് ഉള്ള സ്ഥാപനങ്ങൾക്ക് പോലും ഇതിലും മെച്ചപ്പെട്ട സ്പ്രെഡ് (അടിസ്ഥാന സൂചികയിൽ നിന്ന് നിക്ഷേപകൻ അധികമായി ആവശ്യപ്പെടുന്ന നിരക്ക്) ലഭ്യമാക്കാൻ സാധിക്കുന്നില്ല എന്നത് കണക്കിലെടുത്താൽ നിലവിലേത് അംഗീകരിക്കാവുന്ന പലിശയാണ് എന്ന ഭൂരിപക്ഷ അഭിപ്രായമാണ് ഉണ്ടായത്. കൂടാതെ പലിശ നിരക്കും സ്പ്രെഡും കണ്ടെത്തുവാൻ എക്സ്ചേഞ്ച് റേറ്റിന്റെ പൂർവ്വകാല വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം റിസ്ക് ഇവാല്യുവേഷൻ നടത്തുന്നത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള രീതിയല്ല എന്നും അതിനു ശാസ്ത്രീയമായ അടിത്തറയില്ല എന്നും അഭിപ്രായമുണ്ടായി. വിപണിയിൽ ഫണ്ട് ഉള്ളപ്പോൾ ആ അവസരം യുക്തിപൂർവം ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്നും, കിഫ്ബിയ്ക്ക് അതിന്റെ സ്രോതസ്സുകൾ വൈവിദ്ധ്യവൽകരിക്കേണ്ട സമയമായെന്നും നിരീക്ഷണങ്ങളുണ്ടായി. ആഭ്യന്തരവിപണിയിൽ ആ കാലത്ത് ഫണ്ട് കണ്ടെത്തുന്നതിനായി കടുത്ത |

| | | | |
|---|---|---|---|
| | | | മത്സരം നിലനിന്നിരുന്നതിനാലും ആയതിനാൽ പലിശ നിരക്ക് പൊതുവെ ഉയർന്നു നിന്നിരുന്നു എന്നത് കണക്കിലെടുത്താൽ അന്താരാഷ്ട്ര വിപണിയുടെ സാധ്യത ഉപയോഗിക്കുന്നതാണ് ഉചിതമെന്നും അഭിപ്രായമുണ്ടായി. റിസർവ് ബാങ്കിന്റെ പുതിയ ECB മാനദണ്ഡങ്ങൾ കണക്കിലെടുത്താൽ ഉടൻ തന്നെ അന്താരഷ്ട്ര വിപണിയിലും മത്സരങ്ങൾ വർദ്ധിക്കുമെന്നും. അതിനു മുൻപ് ഈ മികച്ച അവസരത്തിൽ ഉചിതമായ ധനസമാഹരണമാണ് വേണ്ടത് എന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. നിലവിലെ പദ്ധതികളുടെ വ്യാപ്തി കണക്കിലെടുത്താൽ കിഫ്ബി എത്രയും പെട്ടെന്ന് മസാല ബോണ്ട് ഇടപാട് പൂർത്തിയാക്കി മതിയായ ഫണ്ട് കണ്ടെത്തേണ്ടതാണെന്നും, ഇത്തരത്തിൽ മുൻകൂട്ടി ധനം ഉറപ്പുവരുത്താതെ ഫണ്ട് ആവശ്യമാകുന്ന സമയത്ത് ധനസമാഹരണത്തിനു പോകുന്ന പക്ഷം അന്ന് വിപണിയിൽ ലഭ്യമായ കൂടിയ പലിശയിൽ കടമെടുക്കുവാൻ കിഫ്ബി നിർബന്ധിതമാകും എന്നും അഭിപ്രായങ്ങൾ ഉണ്ടായി. ഇതെല്ലാം കണക്കിലെടുത്താണ് 250-275 വരെയുള്ള സ്പ്രെഡ് അംഗീകരിക്കവുന്നതാണെന്നും അതിൻ പ്രകാരമുള്ള പലിശ നിരക്കിൽ മസാലാ ബോണ്ട് പുറപ്പെടുവിക്കാമെന്നും കിഫ്ബോർഡ് തീരുമാനിച്ചത്. പ്രസ്തുത മീറ്റിംഗിന്റെ മിനുട്സ് അനുബന്ധം 1 ആയി ചേർക്കുന്നു. ഇതിന്റെ ശേഷം നടന്ന ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷനും മസാല ബോണ്ടിന്റെ പലിശ നിരക്ക് മികച്ചതാണെന്ന് വിലയിരുത്തിയിരുന്നു. അന്താരാഷ്ട്ര വിപണിയിൽ മസാലാ ബോണ്ട് പുറപ്പെടുവിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാന സർക്കാർ സ്ഥാപനമായി കിഫ്ബി മാറി. ഇതുവഴി കിഫ്ബിയ്ക്ക് ആഭ്യന്തര-അന്താരാഷ്ട്രതലത്തിൽ ശ്രദ്ധ നേടുവാൻ കഴിഞ്ഞു. ഇതിന്റെയെല്ലാം ഭാഗമായി ഇന്ന് ധാരാളം നിക്ഷേപകർ കിഫ്ബിയിൽ നിക്ഷേപിക്കുവാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. 64000 കോടിയോളം അടങ്കൽ വരുന്ന പദ്ധതികൾക്ക് ധനം സമാഹരിക്കുന്നതിൽ 2019 ലെ കിഫ്ബിയുടെ മസാലാബോണ്ട് ഒരു നിർണ്ണായക വഴിത്തിരിവാണെന്നതിൽ സംശയമില്ല. |
| (സി) | ആശങ്ക പ്രകടിപ്പിച്ചിരുന്നെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത അഭിപ്രയം അവഗണിച്ച് 9.723 ശതമാനം പലിശയ്ക്ക് മസാല ബോണ്ട് വില്പന നടത്തിയതെന്ന് അറിയിക്കുമോ; | (സി) | മസാല ബോണ്ട് സംബന്ധിച്ച് വളരെ വിശദവും ക്രിയാത്മകവുമായ ചർച്ച കിഫ്ബിയുടെ ബോർഡ് മീറ്റിങ്ങിൽ നടക്കുകയുണ്ടായി. അതിൽ അന്നത്തെ ചീഫ് സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയും അവരവരുടെ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. ആഭ്യന്തര ബോണ്ട് വിപണിയെക്കാൾ കൂടുതൽ പലിശ നിരക്കാണു മസാല ബോണ്ടിനു ആകുക |

എങ്കിൽ അത് വേണമോ എന്നതായിരുന്നു ധനകാര്യ സെക്രട്ടറിയുടെ ആശങ്ക. അക്കാലത്ത് ആന്ധ്രാപ്രദേശ് ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്പ്മെന്റ് അതോറിട്ടി മസാല ബോണ്ടിനു ശ്രമിച്ചപ്പോൾ 10.72 % പലിശക്കാണ് ലഭിച്ചത് എന്നുള്ളതും കിഫ്ബി തന്നെ ആഭ്യന്തര ബോണ്ട് വിപണിയെ സമീപിച്ചപ്പോൾ 10.15% ആയിരുന്നു പലിശ നിരക്ക് എന്ന വസ്തുതയും ബോർഡിൽ ചർച്ച ചെയ്യപ്പെട്ടു. അതുമായി താരതമ്യം ചെയുമ്പോൾ നിലവിൽ ലഭിക്കാൻ സാധ്യതയുള്ള നിരക്ക് മികച്ചതാണ് എന്ന അഭിപ്രായമാണ് ചർച്ചയിൽ ഉണ്ടായത്. എക്സ്ചേഞ്ച് റേറ്റ് താരതമ്യേന കുറഞ്ഞു നിൽക്കുമ്പോൾ 250-275 bps എന്നത് അധികമാണോ എന്നതായിരുന്നു ചീഫ് സെക്രട്ടറിയുടെ ആശങ്ക. ഇതിനു എക്സ്ചേഞ്ച് റേറ്റിന്റെ പൂർവ്വ കാല വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു അനുമാനത്തിൽ എത്തിച്ചേരുവാൻ സാധിക്കില്ലേ എന്നും അദ്ദേഹം ആരാഞ്ഞു. എന്നാൽ ബോർഡിലെ ധനകാര്യ വിദഗ്ധർ അഭിപ്രായപ്പെട്ടത് വ്യത്യസ്തമായാണ്. ഉയർന്ന AAA റേറ്റിങ് ഉള്ള സ്ഥാപനങ്ങൾക്ക് പോലും ഇതിലും മെച്ചപ്പെട്ട സ്പ്രെഡ് (അടിസ്ഥാന സൂചികയിൽ നിന്ന് നിക്ഷേപകൻ അധികമായി ആവശ്യപ്പെടുന്ന നിരക്ക്) ലഭ്യമാക്കാൻ സാധിക്കുന്നില്ല എന്നത് കണക്കിലെടുത്താൽ നിലവിലേത് അംഗീകരിക്കാവുന്ന പലിശയാണ് എന്ന ഭൂരിപക്ഷ അഭിപ്രായമാണ് ഉണ്ടായത്. കൂടാതെ പലിശ നിരക്കും സ്പ്രെഡും കണ്ടെത്തുവാൻ എക്സ്ചേഞ്ച് റേറ്റിന്റെ പൂർവ്വകാല വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം റിസ്ക് ഇവാല്യുവേഷൻ നടത്തുന്നത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള രീതിയല്ല എന്നും അതിനു ശാസ്ത്രീയമായ അടിത്തറയില്ല എന്നും അഭിപ്രായമുണ്ടായി. വിപണിയിൽ ഫണ്ട് ഉള്ളപ്പോൾ ആ അവസരം യുക്തിപൂർവം ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്നും, കിഫ്ബിയ്ക്ക് അതിന്റെ സ്രോതസ്സുകൾ വൈവിദ്ധ്യവൽകരിക്കേണ്ട സമയമായെന്നും നിരീക്ഷണങ്ങളുണ്ടായി. ആഭ്യന്തരവിപണിയിൽ ആ കാലത്ത് ഫണ്ട് കണ്ടെത്തുന്നതിനായി കടുത്ത മത്സരം നിലനിന്നിരുന്നതിനാലും ആയതിനാൽ പലിശ നിരക്ക് പൊതുവെ ഉയർന്നു നിന്നിരുന്നു എന്നത് കണക്കിലെടുത്താൽ അന്താരാഷ്ട്ര വിപണിയുടെ സാധ്യത ഉപയോഗിക്കുന്നതാണ് ഉചിതമെന്നും അഭിപ്രായമുണ്ടായി. റിസർവ് ബാങ്കിന്റെ പുതിയ ECB മാനദണ്ഡങ്ങൾ കണക്കിലെടുത്താൽ ഉടൻ തന്നെ അന്താരഷ്ട്ര

| | | | |
|---|---|---|---|
| | | | വിപണിയിലും മത്സരങ്ങൾ വർദ്ധിക്കുമെന്നും. അതിനു മുൻപ് ഈ മികച്ച അവസരത്തിൽ ഉചിതമായ ധനസമാഹരണമാണ് വേണ്ടത് എന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. നിലവിലെ പദ്ധതികളുടെ വ്യാപ്തി കണക്കിലെടുത്താൽ കിഫ്‌ബി എത്രയും പെട്ടെന്ന് മസാല ബോണ്ട് ഇടപാട് പൂർത്തിയാക്കി മതിയായ ഫണ്ട് കണ്ടെത്തേണ്ടതാണെന്നും, ഇത്തരത്തിൽ മുൻകൂട്ടി ധനം ഉറപ്പുവരുത്താതെ ഫണ്ട് ആവശ്യമാകുന്ന സമയത്ത് ധനസമാഹരണത്തിനു പോകുന്ന പക്ഷം അന്ന് വിപണിയിൽ ലഭ്യമായ കൂടിയ പലിശയിൽ കടമെടുക്കുവാൻ കിഫ്‌ബി നിർബന്ധിതമാകും എന്നും അഭിപ്രായങ്ങൾ ഉണ്ടായി. ഇതെല്ലാം കണക്കിലെടുത്താണ് 250-275 വരെയുള്ള സ്പ്രെഡ് അംഗീകരിക്കവുന്നതാണെന്നും അതിൻ പ്രകാരമുള്ള പലിശ നിരക്കിൽ മസാലാ ബോണ്ട് പുറപ്പെടുവിക്കാമെന്നും കിഫ്ബോർഡ് തീരുമാനിച്ചത്. പ്രസ്തുത മീറ്റിംഗിന്റെ മിനുട്സ് അനുബന്ധം 1 ആയി ചേർക്കുന്നു. ഇതിന്റെ ശേഷം നടന്ന ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷനും മസാല ബോണ്ടിന്റെ പലിശ നിരക്ക് മികച്ചതാണെന്ന് വിലയിരുത്തിയിരുന്നു. അന്താരാഷ്ട്ര വിപണിയിൽ മസാലാ ബോണ്ട് പുറപ്പെടുവിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാന സർക്കാർ സ്ഥാപനമായി കിഫ്‌ബി മാറി. ഇതുവഴി കിഫ്‌ബിയ്ക്ക് ആഭ്യന്തര-അന്താരാഷ്ട്രതലത്തിൽ ശ്രദ്ധ നേടുവാൻ കഴിഞ്ഞു. ഇതിന്റെയെല്ലാം ഭാഗമായി ഇന്ന് ധാരാളം നിക്ഷേപകർ കിഫ്‌ബിയിൽ നിക്ഷേപിക്കുവാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. 64000 കോടിയോളം അടങ്കൽ വരുന്ന പദ്ധതികൾക്ക് ധനം സമാഹരിക്കുന്നതിൽ 2019 ലെ കിഫ്‌ബിയുടെ മസാലാബോണ്ട് ഒരു നിർണ്ണായക വഴിത്തിരിവാണെന്നതിൽ സംശയമില്ല. |
| (ഡി) | മസാല ബോണ്ട് ഇറക്കുന്നതിനുമുൻപ് ആഭ്യന്തര മാർക്കറ്റിലെ പലിശ നിരക്കുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ഡി) | മസാല ബോണ്ടിനുള്ള ശ്രമങ്ങൾക്ക് വളരെ മുന്നേ തന്നെ ആഭ്യന്തര വിപണിയിലെ വായ്പ്പകളും ബോണ്ടുകളും വഴിയുള്ള ധനസമാഹാരണശ്രമങ്ങൾ കിഫ്‌ബി ആരംഭിച്ചിരുന്നു. അന്ന് വായ്പകൾ ലഭ്യമായത് 9.3% വരെയുള്ള പലിശ നിരക്കിൽ ആയിരുന്നു. ആഭ്യന്തര വിപണിയിൽ കിഫ്‌ബി അതിനോടകം തന്നെ രണ്ടു തവണ ബോണ്ടുകൾ വഴിയുള്ള ധനസമാഹാരങ്ങൾക്ക് ശ്രമം നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശ നിരക്ക്. കിഫ്‌ബിയ്ക്ക് തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് കാപ്പിറ്റൽ റീജിയണൽ ഡവലപ്മെന്റ് അതോറിറ്റി (APCRDA) യ്ക്ക് അക്കാലത്ത് ബോണ്ടുകൾ വഴി |

| | | | |
|---|---|---|---|
| | | | പണം കണ്ടെത്തിയത് 10.34% (ത്രൈമാസ അടിസ്ഥാനത്തിൽ) എന്ന നിരക്കിൽ ആയിരുന്നു. ആദ്യമായി അന്താരാഷ്ട്ര ധനകാര്യ വിപണിയിൽ പ്രവേശിക്കുന്ന കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് കിട്ടാവുന്ന മികച്ച നിരക്കിലാണ് 2019 ൽ മസാല ബോണ്ട് പുറപ്പെടുവിച്ചത്. |
| (ഇ) | മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത ചടങ്ങിൽ ആരൊക്കെ പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ? | (ഇ) | മസാല ബോണ്ടുമായി ബന്ധപെട്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ 2019ൽ നടന്ന ചടങ്ങിൽ അന്നത്തെ മുഖ്യമന്ത്രി, ധനമന്ത്രി, ചീഫ് സെക്രട്ടറി, കിഫ്ബിയുടെ സി ഇ ഒ ഉൾപ്പടെ 7 ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. |

സെക്ഷൻ ഓഫീസർ

ബോധ്യപ്പെട്ടു

13.20

Excerpts from the Minutes of the 34th Meeting of General Body of KIIFB

14. Agenda Note

KIIFB – Market Update Note

Decision:

CEO summarized the developments on the Masala Bond.He said that the previous meeting of the Board had authorized the CEO to conclude the Masala Bond Transaction. He explained that given the market conditions it will be difficult to conclude the deal if we do not offer a 250-275 basis points spread over the 5-year G-Sec. The note on market conditions prepared by the market advisors Axis Bank and Standard Chartered was presented to the Board.

The Finance Secretary raised the question as to why KIIFB should go for a Masala Bond if the interest would be higher than domestic bond offering. CEO reminded the Board Members that in its own previous domestic offer, the quotes received was at 10.15%. Moreover, recently a similar autonomous body viz. the Andhra Pradesh Capital Region Development Authority got response to its offering only at 10.72% p.a.

Chief Secretary raised the issue as to why the Masala bond rates should be higher when foreign interest rates are low and as to whether there could not be a more precise method of gauging the exchange rate differential by reviewing historical data. Prof. Khanna pointed out that it will be difficult to get a better range for the rates, when even AAA rated entities do not get better spreads. He also pointed out simply looking at historical data to account for exchange rate fluctuation is not the accepted or scientific method for risk evaluation.

Shri. J N Gupta was of the view that it is better to explore and conclude the deal when there is an indication of market availability of funds. KIIFB needs to diversify our resource bases Besides, he said that US Dollar bonds could give lower interest rates, but uncovered positions can be catastrophic in the future.

Shri. Salim Gangadharan opined that the market regulations in terms of bond issuances in the foreign market have been changed. There is going to be a whole lot more of competition from corporates in the domestic market. It is better to tap into the international market when the going is good. Unless KIIFB front loads resources, it may not be able to just go and tap it immediately before its commitments arise. With the new RBI ECB regulations, there is likely to a spurt in the foreign market fund raising. Hence KIIFB should step in when the opportunities exist.

Shri. R. K. Nair expressed the view that it is important for KIIFB, given the magnitude of its fund requirement to go into the international arena at the earliest and conclude the Masala Bond. This is the first time that any Kerala Government entity is going to the foreign market. It is very important to establish a benchmark which will be good in a long-term perspective.

Concluding the discussion on the agenda item, Hon. Minister (Finance) expressed the view that it is appropriate that KIIFB should now utilise this occasion when we have a window to the international market. Even if the rates are marginally higher, it will be important for KIIFB in

the long run to set a precedent in the international market. The Board authorized the CEO to conclude the Masala Bond transaction expeditiously based on the rates that is prevailing in the market at the present time.